# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 755** — **30/06/2015-ൽ മറുപടിക്ക്**

## കരങ്ങുപനി, ചെള്ളുപനി വ്യാപനം തടയൽ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) കരങ്ങുപനി, ചെള്ളുപനി എന്നിവ പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത രോഗങ്ങൾ നിർണ്ണയിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; വ്യക്തമാക്കുമോ ; | എ) | കരങ്ങുപനി 2015-ൽ വയനാട് ജില്ലയിൽ നിന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. മലപ്പുറം ജില്ലയിൽ നിന്ന് 2014-ൽ ഈ രോഗം റിപ്പോർട്ട് ചെയ്തു. ചെള്ളുപനി തിരുവനന്തപുരം ജില്ലയിൽനിന്നാണ് കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടത്. കൂടാതെ കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലും കുറച്ചുപേർക്ക് ഈ രോഗം ഉണ്ടായി. കരങ്ങുപനി സ്ഥിരീകരിക്കുന്നതിന് രക്തസാമ്പിളുകൾ മണിപ്പാലിലെ വൈറോളജി റിസർച്ച് സെന്ററിൽ അയയ്ക്കുവാൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. ചെള്ളുപനി സ്ഥിരീകരിക്കുവാൻ സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലുമുള്ള പബ്ലിക് ഹെൽത്ത് ലാബുകളിലും, മെഡിക്കൽ കോളേജുകളിലെ മൈക്രോബയോളജി ലാബുകളിലും, ജനറൽ/ഡിസ്ട്രിക്ട് ഹോസ്പിറ്റൽ ലാബുകളിലും വേണ്ട സംവിധാനം ചെയ്തിട്ടുണ്ട്. |
| ബി) ഇവ പടരാതിരിക്കുന്നതിനും ഇവയുടെ ചികിത്സയ്ക്കുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ? | | കരങ്ങുപനി ചികിൽസയ്ക്കുവേണ്ടി വയനാട്, സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിലും WIMS മെഡിക്കൽ കോളേജിലും ചികിൽസാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ രോഗം |

ഗുരുതരമായാൽ കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുന്നു. ചികിൽസാ മാർഗ് രേഖ തയ്യാറാക്കി വിവിധ ആശുപത്രികളിൽ ലഭ്യമാക്കി രോഗം വരുന്നവരെ മുൻകൂട്ടി കണ്ടു പിടിക്കുവാൻ രോഗ നിരീക്ഷണം കാര്യക്ഷമമാക്കി. ബഹു. മുഖ്യമന്ത്രിയുടേയും ആരോഗ്യ മന്ത്രിയുടേയും പട്ടികവർഗ്ഗ യുവജനക്ഷേമ വകുപ്പ് മന്ത്രിയുടേയും നേതൃത്വത്തിൽ യോഗങ്ങൾ നടത്തി രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി. ആവശ്യത്തിനു ഫണ്ട് ലഭ്യമാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വനം വകുപ്പ്, പട്ടികവർഗ്ഗക്ഷേമ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ആരോഗ്യ വകുപ്പ് തുടങ്ങിയവ ഒത്തുചേർന്ന് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ആദിവാസികൾക്കും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർക്കും ബോധവൽക്കരണം, വാക്സിനേഷൻ തുടങ്ങിയവ ഊർജ്ജിതമായി നടത്തി വരുന്നു. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റു വഴി രോഗം പരത്തുന്ന ടിക്കുകളുടെ നിരീക്ഷണവും നിയന്ത്രണവും നടത്തി വരുന്നു. സംസ്ഥാന ആരോഗ്യ വകുപ്പ് പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് രോഗം നിയന്ത്രണവിധേയമാക്കിയിട്ടുണ്ട്.

ചെള്ളുപനി, രോഗ നിരീക്ഷണം ജില്ലകളിൽ കാര്യക്ഷമമാക്കി. ഈ രോഗത്തിന്റെ ചികിൽസാ മാർഗ്ഗരേഖ തയ്യാറാക്കി ആശുപത്രികളിൽ ലഭ്യമാക്കി. രോഗം സ്ഥിരീകരിക്കാനുള്ള കിറ്റുകൾ 27 സെന്റിനൽ ഹോസ്പിറ്റൽ ലാബുകളിൽ (സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, റീജിണൽ പബ്ലിക് ഹെൽത്ത് ലാബ്, ജില്ലാ റീജിയണൽ ആശുപത്രി ലാബുകൾ, മെഡിക്കൽ കോളേജ്, മൈക്രോ ബയോളജി ലാബുകൾ)

ലഭ്യമാക്കി. ഈ രോഗത്തിന്റെ ചികിൽസക്കുള്ള മരുന്നുകൾ മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലും ലഭ്യമാണ്. ഈ രോഗം പരത്തുന്ന പ്രത്യേക തരം 'മൈറ്റുകളെ' നിരീക്ഷിക്കുവാനും നിയന്ത്രിക്കുവാനും വേണ്ട പ്രവർത്തനങ്ങൾ, രോഗം കണ്ടു വരുന്ന പ്രദേശങ്ങളിൽ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റുകൾ വഴി നടത്തുന്നുണ്ട്. രോഗം റിപ്പോർട്ട്ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ കുറ്റിച്ചെടികൾ നീക്കം ചെയ്യൽ, ശുചീകരണം, കീടനാശിനി തളിക്കൽ, ഫോഗിംഗ് തുടങ്ങിയവ നടത്തി വരുന്നു. 'മൈറ്റുകൾ' എലികളുടെ ശരീരത്തിലും കാണപ്പെടും എന്നതിനാൽ എലി നശീകരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്.

(signature)

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്